# ST.JOHN'S VHSS
## UMMANNOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ



# ഉള്ളടക്കം

1. ആമുഖം
2. വിദ്യാലയത്തിന്റെ ലഘു ചരിത്രം
3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
5. നിലവിലെ അവസ്ഥാ വിശകലനം
5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ
6. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
7. നടപ്പാക്കൽ തന്ത്രം, പ്രതീക്ഷിത നേട്ടങ്ങൾ
8. മോണിറ്ററിങ്
9. ഉപസംഹാരം

## അനുബന്ധം

1. വിദ്യാലയത്തിന്റെ സ്ഥാനം രൂപം
2. മികവുകൾ നേട്ടങ്ങൾ (നടപ്പ വർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം
4. അക്കാദമിക മികവിനായി തയ്യാറാക്കിയ വിവിധ പദ്ധതികളുടെ പട്ടിക
5. നിലവിലുള്ള കമ്മറ്റികൾ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെൻറ് ജോൺസ് വി എച്ച് എസ് എസ് ഉമ്മന്നൂർ |
| സ്കൂളിന്റെ തരം | : | എയ്ഡഡ് |
| ഫോൺ | : | 04742432959 |
| സ്കൂൾ കോഡ് | : | 39041 |
| വിദ്യാഭ്യാസ ഉപജില്ല | : | വെളിയം |
| വിദ്യാഭ്യാസ ജില്ല | : | കൊട്ടാരക്കര |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി ആർ സി | : | വെളിയം |
| ഗ്രാമപഞ്ചായത്ത് | : | ഉമ്മന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | വെട്ടിക്കവല |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | കൊട്ടാരക്കര |
| ലോക സഭാ മണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | കൊട്ടാരക്കര |
| ഈമെയിൽ | : | 39041umr@gmail.com |

# ആമുഖം

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ട് കേരള പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും കേരള സർക്കാരിന്റെയും വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപ്പാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും പ്രക്രിയ ബന്ധിതവും, പ്രവർത്തനാധിഷ്ഠിതവും, ശിശു കേന്ദ്രീകൃതവുമായ പഠന പ്രവർത്തനങ്ങളാണ് ക്ലാസ് മുറികളിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നിക്കൊണ്ടു സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് സ്കൂളിലെ പഠന പഠനേതര പ്രവർത്തനങ്ങൾ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ വേണ്ടി ആസൂത്രണം ചെയ്തിരിക്കുന്നു.

* ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കുക.
* അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
* ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പിക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
* ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
* കലാകായിക, പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിനു ആവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.

* പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ അക്കാദമിക പിന്തുണ പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ടുകൊണ്ട് ലഭ്യമാക്കുക.
* പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക.
* സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.
* ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.

*മാലിന്യ സംസ്കരണം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
* മദ്യപാനം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.
* പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
* സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക.
* പ്രാദേശിക വിഭവങ്ങൾ സ്കൂളിന്റെ പുരോഗതിക്കായി പ്രയോജനപ്പെടുത്തുക.
* സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ പ്രയോജനപ്പെടുത്തി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുക.



## ചരിത്രമുറങ്ങുന്ന ഉമ്മന്നൂർ സ്കൂൾ

വിദ്യാലയത്തിന്റെ ചരിത്രം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിലെ മലയോര ഗ്രാമമാണ് ഉമ്മന്നൂർ . മൂന്നു മുനികൾ ഒരുമിച്ച്തപസ്സ് ചെയ്തിരുന്ന സ്ഥലമായതുകൊണ്ട് ഉമ്മന്നൂരിനെ ആദ്യ കാലഘട്ടത്തിൽ മുൻ മുനീയൂർ എന്ന വിളിപ്പേര് ഉണ്ടായിരുന്നതായി കേട്ടുകേൾവിയുണ്ട്. സാധാരണക്കാരിൽ സാധാരണക്കാരായ കാർഷിക പ്രവർത്തികളിൽ ഏർപ്പെട്ടിരുന്ന ഗ്രാമീണ ജനതയായിരുന്നു ഉമ്മന്നൂരിൽഉണ്ടായിരുന്നത്. വിദ്യാഭ്യാസത്തിന് വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഈ പ്രദേശത്ത് ഉണ്ടായിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉമ്മന്നൂർപഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്ക് നിസ്തുല സംഭാവനകൾ നൽകുവാൻ മുന്നിട്ട് ഇറങ്ങിയ പ്രധാന വ്യക്തികളിൽ ഒരാളായിരുന്നു പഴിഞ്ഞത്ത് പുത്തൻവീട്ടിൽ ശ്രീ ഐ വർഗീസ് അവർകൾ. അവികസിതമായിരുന്ന ഈ ഗ്രാമത്തിൽ അനവധി റോഡുകൾ വെട്ടുന്നതിനും സഹകരണസംഘം തുടങ്ങുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അദ്ദേഹം മുൻകൈയെടുത്തു.

ഒരു ഇടത്തരം കുടുംബത്തിലെ ജനിച്ച അദ്ദേഹത്തിന് അന്നത്തെ രീതിയിലുള്ള പ്രാഥമിക വിദ്യാഭ്യാസം മാത്രമാണ് കിട്ടിയിരുന്നത്. സാമ്പത്തിക സ്ഥിതിയും അദ്ദേഹത്തെ പ്രതികൂലമായി ബാധിച്ചു. സ്വന്തം അധ്വാനവും ബുദ്ധി സാമർത്ഥ്യവും കൊണ്ട് അദ്ദേഹം സ്വയം വളരുകയും നാടിനുവേണ്ടി അനേകം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്തു. ആ സേവനം സമസ്ത മേഖലകളിലും ഉണ്ടെങ്കിലും താൻ തുടങ്ങിവച്ച സെൻറ് ജോൺസ് സ്കൂളുകൾ അദ്ദേഹത്തിൻറ യശ്ശസ് ഉയർത്തി. ആ പ്രവർത്തനങ്ങളുടെ തുടക്കത്തിൽ 1952ൽ സ്ഥാപിച്ച സ്കൂളാണ് ഉമ്മന്നൂർ സെൻറ് ജോൺസ് L P S. ഭാരതത്തിലെ ആദ്യത്തെ ഇടതുപക്ഷ ഗവൺമെൻറിൻറെ കാലത്ത്(1957) ഉമ്മന്നൂർ സെൻറ് ജോൺസ് U P S സ്കൂൾ ആരംഭിച്ചു. അത് പിന്നീട് പട്ടം ഗവൺമെന്റിന്റെ കാലത്ത്(1962 .)എച്ച് എസ് ആയും 1993ൽ വി.എച്ച്. എസ്. എസ് ആയും ഉയർത്തപ്പെട്ടു.1971 സെപ്റ്റംബർ ഇരുപത്തിയൊന്നാം തീയതി 56മത്തെ വയസ്സിൽ ആ ധന്യആത്മാവ് അന്തരിച്ചു. അദ്ദേഹം കാണിച്ചുകൊടുത്ത മാതൃക പിൻതലമുറയും തുടർന്നുവരുന്നു അദ്ദേഹത്തിൻറെ മകൻ ശ്രീ പി വി ജോൺസാർ സ്കൂളിൻറെ ചുമതല ഏറ്റെടുക്കുകയും വികസനമുഖമായ പലകർമ്മ പരിപാടികളും നടപ്പിലാക്കുകയും ചെയ്തു .അവയിൽ എടുത്തു പറയേണ്ട ഒന്നാണ് ബഹുനില കെട്ടിടമായിനിലകൊള്ളുന്ന ഇന്നത്തെ സ്ഥാപനം(28/12/2020).ജോൺ സാറിൻറെ മരണശേഷം (16/04/2022) അദ്ദേഹത്തിൻറെ മകൻ ശ്രീ.കിരൺ ജോൺ മാനേജർ സ്ഥാനം ഏറ്റെടുത്തു നടത്തി വരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

1. മോചനമരുളുന്നത് എന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള പ്രവർത്തനമാണ് എന്ന പൗലോ കൊയിലയുടെ വാക്കുകളെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ സജീവ് താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക
3. ശുചിത്വം ദീനാനി കമ്പ ഉടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്നശേഷികളും,ധാരണകളും ഓരോ ക്ലാസിലെയും കുട്ടികൾ നേടുന്നുണ്ടോ എന്ന് ഉറപ്പാക്കൽ.
5. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കുവാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയുടെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിശുദ്ധിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കുക.

## അഞ്ചു മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ ആകെ എണ്ണം

| ക്ലാസ് | കുട്ടികളുടെ എണ്ണം |
|---|---|
| 5 | 38 |
| 6 | 37 |
| 7 | 41 |
| 8 | 60 |
| 9 | 61 |
| 10 | 67 |

## പദ്ധതി രൂപീകരണ പ്രക്രിയ –വിവിധ ഘട്ടങ്ങൾ

1. എസ് ആർ ജി എന്നിവയുടെ സംയുക്തയോഗത്തിൽ ഉമന്നൂർ സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കും,ചർച്ചയും.
2. കാഴ്ചപ്പാടിന് അനുസൃതമായി വികസന ആവശ്യങ്ങൾ ക്ലാസ് അഥവാ വിഷയം അടിസ്ഥാനമാക്കി ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖതയ്യാറാക്കൽ.
3. കരട് രൂപരേഖ പിടിഎ ,എം പി ടി എ ,രാഷ്ട്രീയ സംഘടന പ്രതിനിധികൾ ,വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.
6. സംഘാടകസമിതി രൂപീകരണം
7. സമഗ്ര ഗുണമേന്മ വിദ്യാലയ ശില്പശാല.
8. പദ്ധതി നടപ്പിലാക്കൽ.
9. നടപ്പിലായ പദ്ധതികൾ വിലയിരുത്തൽ.

# നിലവിലെ അവസ്ഥ വിലയിരുത്തൽ

ഓരോ വിദ്യാലയത്തിനും അതിൻറെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ,മനുഷ്യ വിഭവ ശേഷി ,സമ്പത്ത് ,വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ ആവശ്യമാണ്.വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും സൗഹൃദപരമായ അന്തരീക്ഷംഒരുക്കേണ്ടത് അത്യാവശ്യമാണ്.

## എ. ഭൗതിക നേട്ടങ്ങൾ

വിദ്യാലയത്തിന് ആകെ ലഭ്യമായത് അഞ്ചേക്കർ ഭൂമിയാണ് ഉള്ളത്. നിലവിൽ സ്കൂളിന് ബഹുനില കെട്ടിടമാണ് ക്ലാസുകൾ നടത്തുന്നതിനായി ലഭിച്ചിരിക്കുന്നത്. താഴെയുള്ള നിലയിൽ ഓഫീസ് ,ഐടി ലാബ്സൗകര്യം എന്നിവ ഒരുക്കിയിരിക്കുന്നു. ഒന്നാമത്തെ ഫ്ലോറിൽ യുപി ക്ലാസ്സുകളും യുപി അധ്യാപകർക്കായുള്ള സ്റ്റാഫ് റൂമും പ്രവർത്തിക്കുന്നു. രണ്ടാമത്തെ ഫ്ലോറിൽ ഹൈസ്കൂൾ ക്ലാസുകളും ഹൈസ്കൂൾ അധ്യാപകർക്കായുള്ള സ്റ്റാഫ് റൂമും പ്രവർത്തിച്ചുവരുന്നു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വേണ്ട ശുചിമുറികൾ ആവശ്യാനുസരണം ഉണ്ട്. ഏകദേശം ഒരു ലക്ഷത്തോളം പുസ്തകങ്ങളെ ക്രമീകരിച്ചുകൊണ്ട് വിശാലമായ ലൈബ്രറി സ്കൂളിൻറെ പ്രത്യേകതയാണ്. സയൻസ്,മാത്തമാറ്റിക്,സോഷ്യൽ സയൻസ് ലാബുകൾ വിശാലമായ ക്ലാസുകളിൽ സജ്ജീകരിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിന് അനുയോജ്യമായ സാഹചര്യം ലാബുകളിൽ ഉണ്ട്. വിദ്യാഭ്യാസത്തിനൊപ്പം ശാരീരിക മാനസിക വികാസത്തിന് ഉതകുന്ന കായിക പഠനത്തിന് ഉതകുന്ന ഒരു വിശാലമായ കളിസ്ഥലം സ്കൂളിലുണ്ട്.

=ഏകദേശം 15 ക്ലാസ്സ് റൂമുകൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറ്റി.

= എല്ലാ ക്ലാസ് മുറികളിലും ആവശ്യത്തിന് അനുസരിച്ച് ലൈറ്റുകളും ഫാനുകളും ക്രമീകരിച്ചിട്ടുണ്ട്.

=എല്ലാ ക്ലാസ് റൂമുകളിലും നിലവിൽ സ്പീക്കർ സിസ്റ്റം ഉണ്ട് .

=സ്കൂൾ അസംബ്ലിയും , കുട്ടികളുമായി ബന്ധപ്പെട്ട മറ്റു പരിപാടികളും നടത്തുന്നതിനായി വിശാലമായഒരു സ്റ്റേജ് സ്കൂളിൻറെ മുൻഭാഗത്തായി സ്ഥാപിച്ചിട്ടുണ്ട് .

=കുട്ടികളുടെ യാത്ര സൗകര്യം പരിഗണിച്ചുകൊണ്ട് സ്കൂൾ ബസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഭൗതികം – പരിമിതികൾ

= ഓരോ നിലയിലും പ്രവർത്തിക്കുന്ന ക്ലാസുകളിലേക്ക് അതാത് നിലയിൽ തന്നെ ശുചിമറികൾ ഉണ്ടെങ്കിൽ വളരെ സൗകര്യപ്രദമായിരുന്നു.

=സ്കൂൾ ഉച്ചഭക്ഷണശാല നവീകരണം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് .

=ഐടിലാബിലെ ലാപ്ടോപ്പുകളുടെ അഭാവം.

=സയൻസ് ലാബിലെ ഉപകരണങ്ങൾനവീകരിക്കേണ്ടത് അത്യാവശ്യമാണ്.

=പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

## അക്കാദമിക നേട്ടങ്ങൾ

തുടർച്ചയായി 10 വർഷവും എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം കൈവരിക്കുവാൻ സ്കൂളിന് സാധിച്ചു. കുട്ടികളുടെ അനുപാതം അനുസരിച്ച് തന്നെ എ പ്ലസുകൾ നേടുന്നതിൽ സ്കൂൾ മുന്നിട്ടുനിൽക്കുന്നു. വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്കൗട്ട് ഗൈഡിങ് ,ജെ ആർ സി, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.ശാസ്ത്രമേളകളിൽ സബ്ജില്ല,ജില്ല ,സ്റ്റേറ്റ് തലങ്ങളിൽ വിദ്യാർത്ഥികൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു വരുന്നു. കലാ മത്സരങ്ങളിൽ സമ്മാനങ്ങൾ നേടുന്നതിനും ഉന്നത വിജയം കരസ്ഥമാക്കുന്നതിനും വിദ്യാർത്ഥികൾ മുൻപന്തിയിലാണ്. വിവിധ വിഭാഗങ്ങളിൽ പെടുന്ന കുട്ടികൾക്കുള്ള കായിക മത്സരങ്ങളിൽ സ്റ്റേറ്റ് തലം വരെ വിദ്യാർഥികൾക്ക് മത്സരിച്ചു വരുന്നു. സോഫ്റ്റ് ബോൾ പരിശീലനം നിരന്തരമായി സ്കൂളിൽ നടന്നുവരുന്നു. പ്രതിമാസ മത്സരമായി അറിവുൽസവം എന്ന പരിപാടി എടുത്തു പറയാവുന്ന ഒരു മികവാണ്. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അറിവുത്സവം മെഗാ ക്വിസ് മത്സരം നടത്തിവരുന്നു.

പഠിതാക്കളുടെ ശേഷിവികാസവുമായി ബന്ധമുള്ള പ്രധാനപ്പെട്ട ഒരു മേഖലയാണ് പഠനബോധന തന്ത്രങ്ങളുടെ കൃത്യമായ ആസൂത്രണം. ഫലപ്രദമായ പഠനപശ്ചാത്തലം ഒരുക്കൽ, വ്യത്യസ്തങ്ങളായ പഠന തന്ത്രങ്ങളുടെ പരിജ്ഞാനം ,കുട്ടികളുടെ പഠനശേഷിയെ സംബന്ധിച്ച ധാരണ എന്നിവ പഠനനില കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു. വിലയിരുത്തൽ പ്രക്രിയയുടെ ഫലവത്തായ നിർവഹണം വളരെ പ്രാധാന്യമുള്ളതാണ് .ഇതുവഴി വിദ്യാർഥികളെ മനസ്സിലാക്കുവാനും തൻറെ പഠനബോധന രീതിയുടെ ഫലപ്രാപ്തി വിലയിരുത്തുവാനും സാധിക്കുന്നു. അധ്യാപകർ കുട്ടിയെ അറിയാലാണ് പ്രക്രിയയുടെ ആദ്യഘട്ടം. കുട്ടികളുടെ സാമൂഹിക, സാംസ്കാരിക ,സാമ്പത്തിക , വിവരങ്ങൾ ശേഖരിക്കുന്നതിന് വിദ്യാലയ രേഖകൾ ആണ് അധ്യാപകർ ഉപയോഗിക്കുന്നത്. ചില സന്ദർഭങ്ങളിൽ ഭവന സന്ദർശനവും നടത്തുവാറുണ്ട് ..

താഴെപ്പറയുന്ന അക്കാദമി പരമായ കർത്തവ്യങ്ങൾ ഞങ്ങളുടെ സ്കൂളിൽ കൃത്യമായി നടപ്പാക്കി വരുന്നു.

* പഠിതാക്കളുടെ പഠനബോധന പ്രക്രിയയുടെ പുരോഗതിയും മറ്റ് അവശ്യ രേഖകളുംസ്കൂളിൽ സൂക്ഷിക്കുന്നുണ്ട്.

* കുട്ടികളുടെയും പഠന പങ്കാളിത്തം ഉറപ്പാക്കും വിധം പഠനപ്രക്രിയ സൂക്ഷ്മമായി അവതരിപ്പിക്കുന്നതിനും, എല്ലാവരിലും ഓരോ പഠന നേട്ടവും ഉറപ്പാക്കുന്നതിനും അധ്യാപകർ ശ്രമിക്കുവാറുണ്ട്.

*വിദ്യാർത്ഥികളുടെ ഹാജർ ,കൃത്യനിഷ്ഠ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്കൂളിൽ സൂക്ഷിക്കുന്ന പ്രധാന രേഖ ഹാജർ രേഖയാണ് .തുടർച്ചയായി ഹാജരാകാത്ത കുട്ടികളുടെ രക്ഷിതാക്കൾക്ക് അയക്കുന്ന കത്തുകൾ ,ഫോൺവിളികൾ എന്നിവയുടെ വിവരങ്ങൾ സൂക്ഷിച്ചു വയ്ക്കാറുണ്ട്.

*ഹാജർ പട്ടിക സ്ഥിരം കൂട്ടിയിട്ട് ശരാശരി കണക്കാക്കാറുണ്ട്.

* ഒരു അധ്യാപകൻ അല്ലെങ്കിൽ അധ്യാപിക അവധിയിലാകുമ്പോൾ ഒഴിവുള്ള അധ്യാപകർ ക്ലാസിൽ പോകാറുണ്ട്.

* ശുചിത്വ ക്ലബ്ബിൻറെ നേതൃത്വത്തിൽ കുട്ടികളുടെ ശുചിത്വബോധം വളർത്തുവാൻ ശ്രമിക്കാറുണ്ട് .കുട്ടികളുടെ വ്യക്തി വികസനം ,കലാകായിക പ്രവർത്തികൾ ,ക്ലബ്ബ് പ്രവർത്തനങ്ങൾ, പാർലമെൻറ് എന്നിവ സംഘടിപ്പിച്ചുവരുന്നു.

*കുട്ടികളെ പൊതുവേദിയിൽ അഭിനന്ദിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

* വിദ്യാർത്ഥികളെ ഓരോ ക്ലാസിലും വിലയിരുത്തുന്നുണ്ട്. കൂടാതെ യൂണിറ്റ് ടെസ്റ്റ് ,പ്രതിമാസ പരീക്ഷ, അർദ്ധ വാർഷിക, വാർഷിക മൂല്യനിർണയ പരീക്ഷകൾ എന്നിവ നടത്താറുണ്ട്.

## അധ്യാപകരുടെ സ്ഥിതി വിവരങ്ങൾ

സ്കൂളിൽ യുപി വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലുമായി 18 ഓളം അധ്യാപകർ ജോലി ചെയ്തു വരുന്നു. എല്ലാ അധ്യാപകരും സേവന കാല പരിശീലനത്തിൽ പങ്കെടുത്തുവരുന്നു .എല്ലാ അധ്യാപകരും ഗവൺമെൻറ് നിഷ്കർഷിച്ച യോഗ്യതകൾ നേടിയവരാണ് .അധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല അക്കാദമിക വർഷം തുടങ്ങുമ്പോൾ തന്നെ നൽകാറുണ്ട്.

| വിഭാഗം | അധ്യാപകരുടെ പേര് | കൈകാര്യം ചെയ്യുന്ന വിഷയം |
|---|---|---|
| യുപിതലം | ആനി ജോയി | മാത്തമാറ്റിക്സ് |
| " | ബിജി എൽ പിള്ള | മലയാളം |
| " | നീതു സാമുവൽ | സോഷ്യൽ സയൻസ് |
| " | ഷെറിൻ കെ വിളയിൽ | ഇംഗ്ലീഷ് |
| " | നിമ്മി ഷാജി | ബേസിക് സയൻസ് |
| " | റിന്റു | മാത്തമാറ്റിക്സ് |
| " | ഹരി ബി എസ് | ഹിന്ദി |
| " | നജിമുദീൻ | ഉറുദു |
| ഹൈസ്കൂൾ വിഭാഗം | ഷീബ വിക്രമൻ | മലയാളം |
| " | സജീവ് ടി എൻ | മലയാളം |
| " | കവിത കെ എസ് | ഹിന്ദി |
| " | ദീപ ജി | ബയോളജി |
| " | ബെൻസ് ബേബി | ഫിസിക്കൽ സയൻസ് |
| " | അർജ്ജുൻ കെ എസ് | ഇംഗ്ലീഷ് |

| | | |
|---|---|---|
| " | ലക്ഷ്മി | സോഷ്യൽ സയൻസ് |
| " | ദേവാനന്ദ് | മാത്തമാറ്റിക്സ് |
| " | ബിനോയ് കെ എബ്രഹാം | ഫിസിക്കൽ എജ്യുക്കേഷൻ |

## ചുമതലകൾ ഒറ്റനോട്ടത്തിൽ

| | |
|---|---|
| | |
| ഷിബി ഫിലിപ്പ് | സ്കൂൾ ഹെഡ്മിസ്ട്രസ് |
| ദീപ ജി | എസ് ആർ ജി കൺവീനർ |
| നജിമുദീൻ | സ്റ്റാഫ് സെക്രട്ടറി |
| ബെൻസ് ബേബി | സയൻസ് ക്ലബ്ബ് |
| ദേവാനന്ദ് | ക്ലബ്ബ് മാത്തമാറ്റിക്സ് |
| ലക്ഷ്മി | സോഷ്യൽ സയൻസ് ക്ലബ് |
| ഷീബ വിക്രമൻ, ബിജി | വിദ്യാ രംഗം ക്ലബ്ബ് |
| ഹെൽത്ത് ക്ലബ് | ഹരി, ശ്രീലാൽ |
| അച്ചടക്കം | ബിനോയ് കെ എബ്രഹാം |
| സ്കൂൾ ഉച്ചഭക്ഷണം | നിമ്മിഷാജി |
| വിമുക്തി ക്ലബ്ബ് | ഷെറിൻ കെവിളയിൽ |
| ജാഗ്രത സമിതി | ദേവാനന്ദ് |
| ലൈബ്രറി | സജീവ് ടി എൻ |
| ജെ ആർ സി | ശ്രീലാൽ |
| സ്കൗട്ട് | ബെൻസ് ബേബി |
| ഗൈഡിങ് | ഷെറിൻ കെവിളയിൽ |
| ലിറ്റിൽ കൈറ്റ്സ് | ദീപ, ബിനോയി കെ എബ്രഹാം |
| എസ് ഐ ടി സി | ബിനോയ് കെ എബ്രഹാം |
| പരിസ്ഥിതി ക്ലബ് | ദീപ |

| | |
|---|---|
| ഇംഗ്ലീഷ് ക്ലബ്ബ് | അർജുൻ |

2025 26 വർഷത്തിൽ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ദിനാചരണങ്ങൾ

| മാസം | ദിനാചരണങ്ങളും പ്രവർത്തനങ്ങളും |
|---|---|
| ജൂൺ 5 | പരിസ്ഥിതി ദിനം(പരിസ്ഥിതി ദിന ക്വിസ്, പോസ്റ്റർ നിർമ്മാണം, വൃക്ഷത്തൈ നട്ടു പിടിപ്പിക്കൽ, സ്പെഷ്യൽ അസംബ്ലി) |
| ജൂൺ 19 | വായനാദിനം( വായനാദിന അസംബ്ലി ,പോസ്റ്റർ നിർമാണം, പത്രവാർത്ത വായന ,വായനാദിന ക്വിസ്) |
| ജൂൺ 26 | ലോക ലഹരി വിരുദ്ധ ദിനം( പ്രത്യേക അസംബ്ലി, റാലി ,പോസ്റ്റർ നിർമ്മാണം ഫ്ലാഷ് മോബ്) |
| ജൂലൈ 21 | ചാന്ദ്രദിനം( പ്രത്യേകം അസംബ്ലി, പോസ്റ്റർ നിർമ്മാണം , ചാന്ദ്രദിന ക്വിസ് ) |
| ഓഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം( പതാക ഉയർത്തൽ ,അസംബ്ലി,പ്രതിജ്ഞ കൈക്കൊള്ളൽ, മധുരം വിതരണം, സ്വാതന്ത്ര്യ ദിന ക്വിസ്) |
| ഓഗസ്റ്റ് 19 | കാരുണ്യ ദിനം പ്രവർത്തനം (ഓണാഘോഷത്തോടനുബന്ധിച്ച് നിർധനരായ രണ്ടു വിദ്യാർത്ഥികൾക്ക് ഓണസമ്മാനം നൽകുക.) |
| സെപ്റ്റംബർ 5 | അധ്യാപകദിനം(അധ്യാപകർ അവതരിപ്പിക്കുന്ന അസംബ്ലി, കുട്ടി അധ്യാപകർ നയിക്കുന്ന ക്ലാസ്) |
| സെപ്റ്റംബർ 16 | ഓസോൺ ദിനം (ഓസോൺ ദിന സന്ദേശം) |
| ഒക്ടോബർ 2 | ഗാന്ധി ജയന്തി( ഗാന്ധിയൻ സ്മരണ പ്രത്യേക അസംബ്ലി, ഗാന്ധി ദിന ക്വിസ് ,കുട്ടി ഗാന്ധിജി ) |
| നവംബർ 14 | ശിശുദിനം<br>(ശിശുദിന ക്വിസ് ,ശിശുദിന റാലി ,ശിശുദിന പ്രത്യേക അസംബ്ലി) |
| ഡിസംബർ1 | ലോക എയ്ഡ്സ് ദിനം( പ്രത്യേക അസംബ്ലി , എയ്ഡ്സ് ദിന ബോധവൽക്കരണം ) |

| | |
|---|---|
| ജനുവരി 26 | റിപ്പബ്ലിക് ദിനം( റിപ്പബ്ലിക് ദിനഅസംബ്ലി, റാലി ,ക്വിസ്) |
| ഫെബ്രുവരി 4 | ലോക ക്യാൻസർ ദിനം( ജങ്ക് ഫുഡുകൾ കഴിക്കുന്നത് മൂലം വരാൻ സാധ്യതയുള്ള ക്യാൻസർ — അവലോകന ക്ലാസ്) |
| | |

# ACADEMIC MASTER PLAN ENGLISH 2025-26

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകലന |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാപഠനം | ഒഴുക്കോടെ ഇംഗ്ലീഷ് എഴുതാനും സംസാരിക്കാനും അവസരം നൽകൽ | 1.കുട്ടികളുമായി ഇംഗ്ലീഷിൽ അനൗപചാരിക സംഭാഷണം .<br>2.ഇംഗ്ലീഷ് പത്രവായന .<br>3.ലാംഗ്വേജ് ഗെയിം .<br>4.ലളിതവും രസകരവുമായ ഇംഗ്ലീഷ് ഭാഷ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു.<br>5.ക്ലാസ്സിൽ ഇംഗ്ലീഷ് നോട്ടീസ് ബോർഡ്.<br>ഇംഗ്ലീഷ് അസംബ്ലി. | പ്രതിദിനം /പ്രതിമാസം /ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് സർഗാത്മക രചന | ഇംഗ്ലീഷ് പദസമ്പത്തു വർധിപ്പിക്കൽ.<br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ | 1.ക്ലാസ് ലൈബ്രറി<br>2.വായനമത്സരങ്ങൾ<br>3.ഇംഗ്ലീഷ് സർഗ്ഗവേള<br>4.ചുമർ പത്രങ്ങൾ<br>5.ഡിക്ഷണറി<br>വായനകാർഡുകൾ | | | |

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് തിയറ്റർ | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | 1.പാഠഭാഗങ്ങളെ ആസ്പദമാക്കി സ്കിറ്റ് ,ഡ്രാമ ,റോൾ പ്ലേയ് .<br><br>2.വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ | രണ്ടു അവധി ദിവസങ്ങളിൽ കുട്ടികളെ കൊണ്ട് പലതരത്തിലുള്ള പ്രവർത്തനങ്ങൾ വേദിയിൽ അവതരിപ്പിക്കുന്നു<br><br>1.(സ്കിറ്റ് , ഡ്രാമ ,റോൾ പ്ലേയ് , റെ സിറ്റേഷൻ, കോറിയോഗ്രാഫി ,റീഡേഴ്സ് തീയേറ്റർ മുതലയാവ )<br><br>2.പാഠ ഭാഗങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിച്ചു ഷൂട്ട് ചെയ്തു മികവാർന്ന രീതിയിൽ പ്രദർശിപ്പിക്കുന്നു. | രണ്ടു ദിവസം | പി ടി എ<br><br>ഹെഡ്മിസ്ട്രസ്<br><br>ഇംഗ്ലീഷ് ടീച്ചേർസ്,<br><br>എസ് ആർ ജി കൺ | |

| | | | | | |
|---|---|---|---|---|---|
| | | | | വീനെർ<br><br>മറ്റു വിഷയ അധ്യാപകർ | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാൻ | ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ കുറിക്കുന്നു. | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ | |
| പുസ്തക നിരൂപണവും പദപ്രശ്ന നിർമ്മാണവും | വായനയും കളിയിലൂടെ ഭാഷാ പഠനവും | 1.പുസ്തകങ്ങൾ നിർദേശിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>2.പദപ്രശ്നങ്ങൾ നൽകി ഉത്തരം കണ്ടെത്താൻ അവസരം നൽകി sammanagal നൽകുന്നു. | പ്രതിദിനം /പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷപഠനം<br><br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | ഇംഗ്ലീഷ് ഭാഷപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടിക | 1.ജൂൺ മാസത്തിൽ തന്നെ കുട്ടികളെ കണ്ടെത്തി അവർക്കു വേണ്ടി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുന്നു . | | | |

| | | | | | |
|---|---|---|---|---|---|
| | ളെയും പഠന വൈകല്യം ഉള്ളവരെയും പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു | 2.കഥകൾ , വാക്കുകൾ എന്നിവയുടെ വീഡിയോ പ്രേസെൻ്റേഷൻ ,പിക്ചർ കാർഡുകൾ ,ചാർട്ടുകൾ എന്നിവയിലൂടെ പഠനം രസകരം ആക്കുന്നു. കഥകൾ .<br><br>3.ഓരോ മാസവും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നു. | പ്രതിദിനം /പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |
| ഭാഷ പഠനം സവിശേഷ വൈഭവം ഉള്ള കുട്ടികൾക്ക് | സവിശേഷ വൈഭവം ഉള്ള കുട്ടികളെ അതിൻറെ പൂർണതയിൽ എത്തിക്കുന്നു. | 1.ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്താനുള്ള അന്തരീക്ഷം ഒരുക്കൽ.<br><br>2.സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം.<br><br>3.പ്രസംഗം അവതരണം എന്നിവ പരിശീലിപ്പിക്കൽ<br><br>4.ഇംഗ്ലീഷ് സിനിമകൾ വാർത്തകൾ ചർച്ചകൾ എന്നിവ കാണാനും കേൾക്കാനും അവസരം ഒരുക്കൽ | പ്രതിദിനം /പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |

# MASTER PLAN 2025-26

മേഖല : അക്കാദമികം ഹിന്ദി സെന്റ് ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും വരേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓ ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം ജൂൺ - ജൂലൈ |
| ആഴ്ചയുടെ ദിവസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം ജൂൺ - ജൂലൈ |

6

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. ✓ | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | പാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. ✓ കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. ✓ | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# ST. JOHN'S VHSS UMMANNOOR

Subject : Chemistry

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- |
| 1 | ദത്ത വിശകലനം : വിഷയത്തെ ആസ്വാദ്യമാക്കി വിദ്യാർത്ഥികൾ നിർമ്മിച്ച ഉൽപന്നങ്ങളും ചെയ്ത പരീക്ഷണങ്ങളും<br>അവസ്ഥാവിശകലനം : ശാസ്ത്രബോധത്തിൽ വിദ്യാർത്ഥികൾ ഉയർന്ന നിലവാരം പുലർത്തുന്നു | പ്രവർത്തന പരിപാടിയുടെ പേര്: കുട്ടിയെ ശാസ്ത്ര ബോധമുള്ള മികച്ച പൗരൻ ആക്കി മാറ്റുക<br>പ്രതീക്ഷിത നേട്ടങ്ങൾ: കുട്ടികളിൽ ശാസ്ത്രാ ഭിരുചി വളർത്തുക | 1 | സയൻസ് അധ്യാപകർ |
| 2 | കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു.<br>മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | 1 | സയൻസ് അധ്യാപകർ |
| 3 | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നു | 1 | സയൻസ് അധ്യാപകർ |

# സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

Subject : Chemistry

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 4 | * മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക<br>* വിവരശേഖരണ തല്പരരാകുന്നു<br>* സഹകരണ മനോഭാവം വളർത്തുന്നു<br>* അന്വേഷണ വർദ്ധിക്കുന്നു<br>* ( അടുക്കളയിലെ രസതന്ത്രം ) | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>വായിച്ച ശാസ്ത്ര പുസ്തകങ്ങളെ അടിസ്ഥാനമാക്കി വായന കുറിപ്പുകൾ തയ്യാറാക്കുന്നു. ശാസ്ത്ര മാസിക നിർമ്മാണത്തിലൂടെ സഹകരണ മനോഭാവം വളർത്തുന്നു<br>* വിലയിരുത്തലുകൾ<br>കുട്ടികൾ വിവരശേഖരണം നടത്തിയതിന്റെ വിലയിരുത്തലുകൾ<br>* സാധാരണയായി അടുക്കളയിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ ശാസ്ത്രനാമം കണ്ടെത്തൽ | 1 | സയൻസ് അധ്യാപകർ |
| 5 | രസതന്ത്രത്തിൽ പ്രധാന പങ്കുവഹിച്ച ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി വലിയ ആൽബം തയ്യാറാക്കൽ( ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തൽ )<br>വായനയും എഴുത്തും (താല്പര്യമനുസരിച്ച്) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ ടീച്ചർ ശാസ്ത്ര ബന്ധിത ചിത്രങ്ങൾ സംഘടിപ്പിച്ച് കുട്ടികൾക്ക് നൽകുന്നു. ഈ ചിത്രങ്ങൾ ഉപയോഗിച്ച് ഒരു ചെറു ആൽബം തയ്യാറാക്കുന്നതിന് അവർ ശ്രമം നടത്തുന്നു<br>വായനയിൽ താല്പര്യമുള്ള ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലളിതമായ ശാസ്ത്ര പുസ്തകങ്ങൾ നൽകുന്നു<br>എഴുതുവാൻ കഴിവും താല്പര്യവുമുള്ള ഭിന്നശേഷി വിദ്യാർത്ഥികളെ കൊണ്ട് അധ്യാപികയുടെ സഹായത്തോടെ ചെറു ശാസ്ത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു | 1 | സയൻസ് അധ്യാപകർ |

# സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

Subject : Chemistry

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 6 | * പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക<br>* നേരറിവ് നേടൽ | * സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കാൻ ശരിയായ wasre disposal അവബോധ ക്ലാസുകളും ക്രമീകരണങ്ങളും നടത്തൽ<br>* പുതുപുത്തൻ സാങ്കേതികവിദ്യയും പുതു പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു<br>* സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ project മുതലായവയിൽ പങ്കെടുക്കുന്നു.<br>* ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | 1 | സയൻസ് അധ്യാപകർ |
| 7 | * തുറന്ന ലാബ്<br>* ശാസ്ത്ര മാഗസിൻ നിർമ്മാണം<br>* ശാസ്ത്ര കലണ്ടർ തയ്യാറാക്കൽ<br>* മൂലകങ്ങളെ അറിഞ്ഞിടാം<br>* പ്രശ്നപരിഹാര ബോധന പ്രവർത്തനം | * ഈ പ്രവർത്തനത്തിന്റെ ഭാഗമായി മുഴുവൻ പരീക്ഷണങ്ങളും ലിസ്റ്റ് ചെയ്യുന്നു. കുട്ടികൾക്ക് ചെയ്തു നോക്കാൻ അവസരം നൽകുന്നു.<br>* ഒരു ക്ലാസ്സിന് ഒരു മാഗസിൻ എന്ന പ്രവർത്തനം നടത്തുന്നു<br>* ഓരോ മാസവും ഉണ്ടാകുന്ന ശാസ്ത്ര ദിനങ്ങളുടെ കലണ്ടർ തയ്യാറാക്കൽ<br>* ആവർത്തന പട്ടികയിലെ മൂലകങ്ങളുടെ രാസ ഭൗതിക ഗുണങ്ങൾ തയ്യാറാക്കൽ<br>* Hard spot - കൾ കണ്ടെത്തി കൂടുതൽ വിശദമായ ക്ലാസുകൾ നടത്തുന്നു. പ്രശ്നങ്ങൾ പരിഹരിച്ച് കുട്ടികളെ ശാസ്ത്ര തല്പരരാക്കുന്നു | 1 | സയൻസ് അധ്യാപകർ |

# മാസ്റ്റർ പ്ലാൻ 2025

# സെന്റ്ജോൺസ് വി.എച്ച്.എസ്.എസ്

## BIOLOGY

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * | ശാസ്ത്രാഭിരുചി വളർത്തുന്നതിന് (ശാസ്ത്രമേള ബന്ധിതം) | *ക്ലാസ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ *ചാർട്ട് പ്രോജക്റ്റ്, മോഡൽ, ശാസ്ത്രനാടകം ഇവയുടെ സ്കൂൾ തല മത്സരം നടത്തി മികച്ചത് കണ്ടെത്തുന്നു *യോഗ്യരായവരെ അടുത്ത തലത്തിലേക്ക് പ്രാപ്തരാക്കുന്നു | 6 മാസം | PTA അധ്യാപക അംഗങ്ങൾ | ക്ലബ്ബ് ഫണ്ട് സ്കൂൾ വികസന ഫണ്ട് |
| * | ഭിന്നശേഷി കാരുടെ അഭിരുചി വളർത്താൻ | ചിത്രശേഖരണം ഭിന്നശേഷിവിധ്യർത്ഥികൾ കുള്ള സ്പെഷ്യൽ ടീച്ചർ ശാസ്ത്രബന്ധിത ചിത്രങ്ങൾ സംഘടിപ്പിച്ച് കുട്ടികൾക്ക് നൽകുന്നു ഈ പ്രവർത്തനങ്ങൾ ക്ലാസ് ടീച്ചർക്കും വേണമെങ്കിൽ നൽകാം ഈ ചിത്രങ്ങൾ ഉപയോഗിച്ച് ഒരു ചെറു ആൽബം(ഭിന്നശേഷി വിദ്യ ർഥികളുടെ കൂട്ടായ്മ)തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നു. ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്ര ആൽബം ആകാം | മൂന്നാഴ്ച ജൂലൈ അഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് അധ്യാപകർ /സ്പെഷ്യൽ ടീച്ചർ | ഭിന്ന ശേഷി ഫണ്ട് സ്കൂൾ വികസന ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 1 | നല്ല ആരോഗ്യശീലങ്ങൾ വളർത്തി എടുക്കുന്നത് Or മഴക്കാല രോഗങ്ങളെ കുറിച്ചുള്ള അവബോധം വളർത്തൽ | *ജൂൺ/ ജൂലൈ മാസങ്ങളിൽ സൗകര്യപ്രദമായദിനങ്ങൾ കണ്ടെത്തി മഴക്കാല രോഗങ്ങൾ ശുചിത്വം പാലിക്കേണ്ടതിന്റെആവശ്യകത എങ്ങനെ ആരോഗ്യംകാത്തുസൂക്ഷിക്കാം ബന്ധപ്പെട്ട് ഒരു ഡോക്ടറുടെയോ ആരോഗ്യ പ്രവർത്തകന്റെയോ ക്ലാസ് സംഘടിപ്പിക്കുന്നു<br><br>ഹെല്ത്ത് ചേക്ക്പ്പ് യോഗ വ്യായാമത്തിന്റെ ആവശ്യകത ആർത്തവകാല പ്രശ്നങ്ങൾ (പെൺകുട്ടികൾക്കുള്ള ക്ലാസ്)സെക്ഷ്വൽ awareness class (ആണ് പെൺ)etc (ക്ലാസുകൾ) | ജൂൺ - ജൂലൈ 2 മാസം<br><br>ജൂൺ -july 2 മാസം | ഹെല്ത്ത് ക്ലബ്ബ് ഇൻചാർജ് ടീച്ചേഴ്സ് ,P TA ജീവശാസ്ത്ര അദ്ധ്യാപകർ<br><br>ഹെല്ത്ത് ക്ലബ്ബ് ഇൻചാർജ് And ജീവശാസ്ത്രാധ്യാപകർ | PTA ഫണ്ട് സ്പോൺസർഷിപ്പ് സ്കൂൾ ഫണ്ട്<br><br>" |
| 2 | പ്രശ്നങ്ങൾ പങ്കുവെക്കുന്നതിനുള്ള അവസരം ലഭിക്കുന്നതിന് | കൗൺസലിംഗ് യൂണിറ്റ് | ജൂൺ - february | ക്ലാസ് ടീച്ചർ M.PTA | R s-3000 School വികസന ഫണ്ട് |
| 3 | ലൈംഗിക അതിക്രമങ്ങൾ ഇല്ലാതാക്കുന്നു തിന് | ഒരു അഡ്വക്കേറ്റിന്റെ ക്ലാസ് ചാക്കോ ജോർജ് പനക്കൽ (സകൂളിൽ നിന്ന് വിരമിച്ച് അഡ്വക്കേറ്റ് ആയി പ്രവർത്ഥനമനുഷ്ഠിക്കുന്നു )<br>നേരിന്റെ ക്ലാസ് :-pocso നിയമാവശങ്ങളെ കുറിച്ചുള്ള ക്ലാസുകൾ ഉൾപെടെ | August or September | ടീൻസ് ക്ളബ് ചാർജുള്ള അധ്യാപിക | P T A ഫണ്ട് |
| 4 | ലിംഗ നീതി ഉറപ്പുവരുത്തൽ | *സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും ആണ് പെൺ വ്യത്യസമില്ലതെ തുല്യ പങ്കാളിത്തം ഉറപാകുന്നു<br>*രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും | 1 year<br><br>October 11 1day | ക്ലാസ് അധ്യാപിക<br><br>J R C | <br><br>P T A |

| | | | | | |
|---|---|---|---|---|---|
| | | ബോധവത്കരണ ക്ലാസ് | | | |
| 5 | കൗമാര കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | *അക്കാദമിക പ്രവർത്തനങ്ങൾ കയികമേഖലയിൽ കൂടുതൽ അവസരങ്ങൾ സ്കൂൾ കൗൺസലിംഗ് കമ്മിറ്റിയും ജീവശാസ്ത്ര അദ്ധ്യാപകരും സംയോജിച്ചുകൊണ്ടുള്ള ബോധവത് കരണ്ങ്ങൾ | ജൂൺ to November | ജീവശാ സ്ത്ര അധ്യാപ ക കൗൺസ ൽ | |
| 6 | ഗ്രീൻ ക്യാമ്പസ് നിർമിതി | ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കാൻ ആവശ്യമായ ബോക്സ് സ്ഥാപിക്കുന്നു അജൈവം ഹരിത കർമ സേനക് നൽകുന്നു ജൈവം കമ്പോസ്റ് നിർമാണം | ജൂൺ to August | ജീവശാ സ്ത്ര അധ്യാപ ക ർ ഹെല്ത്ത് ക്ലബ്ബ് P T A | |
| 7 | ലഹരി വിമുക്ത വിദ്യാലയം | ജൂൺ 26 ലഹരി വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട്<br>* ലഹരി വിരുദ്ധറാലി<br>* സ്കിറ്റ്<br>* ബോധവത്കരണക്ലാസ്<br>*ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് പ്രേത്യേക പരിഗണന | ജൂൺ അവസാ ന ആഴ്ച | ലഹരിവി രുദ്ധ് ക്ലബ് ഹെൽ ത്ത് ക്ലബ്ബ് P T A J R C | |
| | | | | | |

# മാസ്റ്റർ പ്ലാൻ 2025

## സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

മേഖല : ഗണിതം

അക്കാദമിക മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യ വിശകലനം | പിന്തുണ |
|---|---|---|---|---|---|---|
| 1 | ഗണിതത്തിൽ താല്പര്യം ഉളവാക്കുക | ഗണിത [illegible] ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ദീർഘ കാലം | ജ്യോമട്രിക്കൽ ചാർട്ട് മാർക്കർ സ്കെച്ച് | 5000 | എച്ച്.എം. പി.ടി.എ. ഗണിത അധ്യാപകർ |
| 2 | ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ | ഗണിത ക്വിസ്, ജോമട്രിക് ചാർട്ട്<br>ഗണിത പൂക്കളം.<br>ഗണിത ചാർട്ട്<br>പസിൽ നിർമ്മാണം.<br>പതിപ്പുകൾ.<br>ഗണിത പ്രക്രിയയിൽ [illegible] .<br>ഗണിത പാട്ടുകൾ .<br>ഗണിതം നിത്യജീവിതത്തിൽ.<br>കുസൃതി കണക്കുകൾ ശേഖരണം .<br>ഗണിതമാസിക | ഹ്രസ്വ കാലം | ചാർട്ട് പേപ്പർ, മഷി, [illegible], കളർ പേപ്പർ | 5000<br>1000<br>500<br>1000 | ഗണിത ശാസ്ത്ര വിദഗ്ധർ |

| | | 2 | | | | |
|---|---|---|---|---|---|---|
| | ഐ.സി.ടി<br>സാധ്യതയിലൂടെയുള്ള<br>ഗണിതപഠനം | ഗണിതശാസ്ത്രജ്ഞന്മാരുടെ<br>ജീവചരിത്രം,<br>ഗണിതത്തിലെ സൂത്രവാക്യങ്ങൾ<br>ശേഖരണം,<br>ഗണിത മാതൃകകൾ<br>സജ്ജമാക്കൽ,<br>ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ<br>,<br>ഗണിത ലൈബ്രറി ,<br>ക്ലാസ് മുറികളുടെ ചുമർ<br>ഗണിത ആശയങ്ങളാൽ<br>അലങ്കരിക്കൽ ,<br>ഗണിത ശില്പശാല,<br>ഗണിത സഹവാസക്യാമ്പ്,<br>ഗണിതമേള ,<br>ഗണിത പ്രദർശനം ,<br>ഗണിത നിഘണ്ടു ,ഗണിത<br>പാർക്ക് ,<br>ഗണിതോത്സവം ,<br>ഗണിത മാസിക,<br>മത്സരങ്ങൾ മത്സരം<br>ബാല Building as learning<br>Aid.<br>സമഗ്ര റിസോഴ്സ്,<br>ജിയോജിബ്ര, മാത്സ്പാർട്<br>തുടങ്ങിയ സങ്കേതങ്ങൾ<br>ഉപയോഗിച്ച് ഗണിത പഠനം | മധ്യകാലം | | 25000<br>500<br>1000<br>1000<br>1000<br>500<br>500<br>1000 | എസ്.ആർ.<br>ജി. പിടിഎ |

| 3 | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 1000 | | |
| | പസ്സിൽ കിറ്റ് ഉറപ്പാക്കൽ | ഗണിത കളികളിലൂടെയും മത്സരപരീക്ഷ ഗണിത ക്വിസ് കിറ്റ് തുടങ്ങിയവയുടെ സഹായത്താൽ | | | | |
| | | | ഹ്രസ്വ കാലം | | | |
| | മാനസഗണിതം ആസ്വാദ്യം ആക്കൽ | പ്രായോഗിക പ്രശ്നങ്ങൾ മാനസഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു വേദഗണിതം ലീലാവതി തുടങ്ങിയ ബുക്കുകൾ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു | | എ ഫോർ പേപ്പർ ലൈബ്രറി പുസ്തകങ്ങൾ | 2000 | |
| | പ്രശ്നനിർധാരണം സാധ്യമാക്കൽ | സമാനമായ പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു | | | 500 | |
| | ക്രിയാത്മകത കൃത്യത സൂക്ഷ്മത ഉപകരണങ്ങൾ | ഗണിത ലാബ് ഗണിത | ഒരു മാസം | | | |

# 4

| | | | | | | |
|---|---|---|---|---|---|---|
| | കൈകാര്യ<br>ചെയ്യുന്നതിനുള്ള കഴിവ്<br>ഉം വികസിപ്പിക്കൽ<br><br>പരീക്ഷണ പരിശീലനം<br><br>പണം വിനിമയം<br>വ്യവഹാര ധാരണ<br>ഉണ്ടാക്കാൻ ഗണിത<br>ശിശുചി വർ<br>ദ്ധിപ്പിക്കുവാൻ<br>മാനസികശ<br>ന്ത്യമാക്കുന്നതിനുള്ള<br>ശേഷി. ക്രിയാത്മക | സ്റ്റോപ്പുകൾ പ്രവർത്തന<br>ങ്ങൾ ക്രമത്തിൽ ചോദ്യങ്ങൾ<br>നിർമ്മിക്കുക ചോദ്യങ്ങൾ<br>നിർമ്മിക്കുക പരിപ്പ്<br>ത്യമാക്കാൻ ലഘുവാക്യ<br>പരിശീലനം<br>ചെറിയ ... ഉപയോഗിക്കാൻ<br>)<br>പതാക നിർമ്മാണം<br>പോസ്റ്റർ നിർമ്മാണം<br>ഓപ്പൺ മാർക്കറ്റ്<br>പോസ്റ്റുകൾ സ്വയം<br>വിലയിരുത്തൽ | | എ ഫോർ<br>പേപ്പർ<br>ലൈബ്രറി<br>പുസ്തകങ്ങൾ<br><br>സാധന<br>സാമഗ്രികൾ<br>വർണ്ണക്കടലാ<br>സ് തുണി മൂന്ന്<br>നിറത്തിൽ<br>വെള്ള പേപ്പ<br>റുകൾ<br>ലാബ്<br>പ്രവർത്തനങ്ങ<br>ൾക്കുള്ള<br>ഉപകരണങ്ങൾ<br>സാമഗ്രികൾ<br>ലാബ്<br>പ്രവർത്തന<br>സാമഗ്രികൾ | 10000<br><br>5000<br><br>1000<br><br>1000<br><br>20000 | |

## Academic master plan - social science

### പൊതു ലക്ഷ്യങ്ങൾ

- സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക .
- സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ICT സാന്നിധ്യം പ്രയോജനപ്പെടുത്തുക.
- സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യ ശാസ്ത്ര വിശകലനശേഷി എന്നിവ എല്ലാ കുട്ടികളും ആർജിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യ ശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുക.
- ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.
- കുട്ടികളെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലേക്ക് അടുപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക .
- നമ്മുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ദേശീയസമരങ്ങളെയും അതിന് നേതൃത്വം നൽകിയ മഹാന്മാരെയും സാമൂഹികപരിഷ്കർത്താക്കളെയും അറിയുകയും അവരുടെ പ്രവർത്തനപാത പിന്തുടരുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ

1 കുട്ടികളുടെ മുന്നറിവ് , ഓർമശക്തി പോലുള്ളവ വികസിപ്പിക്കാനുള്ള ചില കളികൾ സംഘടിപ്പിക്കുന്നു.

2.ക്ലാസിൽ കുട്ടികൾക്ക് കഥ പറയൽ , ചിത്രരചന , പ്രസംഗം , സംഗീതാലാപനം പോലുള്ള സർഗശേഷികളുടെ പ്രകടനത്തിനുള്ള അവസരം നൽകുന്നു .

3. ചില മഹാന്മാരെയും ചില ചരിത്രസംഭവങ്ങളും പരിചയപ്പെടുത്തി അതിനെ - കുറിച്ച് കൂടുതലറിയാനും കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കാനും അവസരം നൽകുന്നു .

4. അർത്ഥ പൂർണമായ രൂപവായന ക്രമീകരിക്കുക.

5. പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുന്നു.

6. പത്രവായന പ്രോത്സാഹിപ്പിക്കുന്നു.

7. പ്രാചീന - മധ്യ - ആധുനിക പ്രധാന സംഭവങ്ങൾ തരംതിരിക്കുന്നു.

8. പഠന യാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുന്നു.

9. ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

- സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലും , ദേശീയപ്രസ്ഥാനങ്ങളിലും പങ്കാളികളായ ധീരയോദ്ധാക്കളെ പരിചയപ്പെടുത്തുന്ന ഒരു പതിപ്പ് നിർമാണം .

ദിനവൃത്താന്തങ്ങൾ .

1 സബ്ജക്ട് കൗൺസിൽ ചേർന്ന് വിവിധ ദിനാചരണ പ്രവർത്തന കലണ്ടർ തയ്യാറാക്കുക .
2 സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുക .
3 സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രധാന ദിനങ്ങളുടെ പ്രാധാന്യം ഉദ്ഘോഷിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനപരിപാടികൾ സംഘടിപ്പിക്കുക .

- ഓരോ ദിനാചരണത്തിന്റെയും പ്രാധാന്യത്തെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക .
- കുട്ടികളുടെ സർഗശേഷി പരിപോഷിപ്പിക്കുക .
- സാമൂഹ്യശാസ്ത്രമേളകളിൽ പങ്കാളികളാകാൻ കുട്ടികളെ സജ്ജരാക്കുക .
- . കുട്ടികളിൽ ധാർമികമൂല്യങ്ങൾ വളർത്തുക .
- സ്വതന്ത്ര ചിന്തക്കും , ആശയപ്രകടനത്തിനുമുള്ള അവസരം ഒരുക്കുന്നു .

സാമൂഹ്യ ശാസ്ത്ര പഠനം - പ്രശ്നങ്ങൾ

അക്കാദമികം

എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിനും സാധിക്കുന്നില്ല.
• വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നു.
• എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

ഭൗതികം

- സാമൂഹിക ശാസ്ത്ര ലാബ് സജ്ജമാക്കുന്നതിന് സ്ഥലപരിമിതി ഒരു പ്രശ്നമാണ്.
- ICT അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യം കുറവാണ്.
- ക്ലാസ്സ് ലൈബ്രറികളുടെ അഭാവം നിലനിൽക്കുന്നു.

സാമൂഹികം

- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
- പ്രാദേശിക വിവര ശേഖരണം നടത്തിയിട്ടില്ല.

<u>മതിൽ അറിവകം ഇതിൽ ഊട്ടല</u> .

1. ബുള്ളറ്റിൻ ബോഡു സ്ഥാപിക്കൽ .
വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോഡ് സ്ഥാപിക്കുക .
എല്ലാ മാസവും ചേരുന്ന സബ്ജറ്റ് കൗൺസിൽ യോഗത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു .

- എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നതിന് .
- സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങളും അറിയിപ്പുകളും പ്രദർശിപ്പിക്കുന്നതിന് .
- സമകാലികസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്

<u>അക്ഷരതിളക്കത്തിലൂടെ നല്ല വിജയതിളക്കം</u> .

1. pree-test നടത്തൽ .

2. പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ .

- പഠനപരമായ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്ക വേണ്ട പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക .
- ചിത്രങ്ങൾ , വീഡിയോകൾ സ്കിറ്റുകൾ തുടങ്ങിയവയിലൂടെ കുട്ടികളിൽ പഠന താത്പര്യം ജനിപ്പിക്കുക .
- നിരന്തരം ഇവരുടെ പഠനപുരോഗതി വിലയിരുത്തുക .

<u>നാടിനെ അറിയാൻ</u>

- എട്ടാം ക്ലാസിലെ കുട്ടികളിൽ തങ്ങളുടെ നാടിന്റെ ചരിത്രമറിയാനും അന്വേഷണത്വര ജനിപ്പിക്കാനും ഗവേഷണാത്മകമായി കണ്ടെത്തിയ കാര്യങ്ങൾ ചിട്ടയോടെ രേഖപ്പെടുത്താനുമായി പ്രാദേശിക ചരിത്ര രചന നടത്തുന്നു .
- ചരിത്രാവബോധം സൃഷ്ടിക്കുക ഇന്ത്യാചരിത്രം,ലോകചരിത്രം എന്നിവക്കൊപ്പം
- തന്റെ പ്രദേശത്തിന്റേയും ചരിത്രം അന്വേഷിച്ചറിയാൻ കുട്ടിക്ക അവസരം നൽകുക .
- ചരിത്രരചനയുടെ വിവിധ വശങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ അവസരം നൽകുന്നു .

<u>വരച്ച് പഠിച്ച് ഇന്ത്യയെ അറിയാം</u> .

- 9,10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഇന്ത്യൻ ഭൂപ്രകൃതി വൈവിധ്യങ്ങൾ സമഗ്രമായി അറിയാനും വരച്ച പഠിക്കാനുമായിഅറ്റ്ലസ് നിർമാണം .
- ഇന്ത്യയുടെ ഭൂപ്രകൃതി വൈവിധ്യങ്ങൾ തിരിച്ചറിയാൻ കുട്ടിയെ പ്രാപ്തനാക്കുക
- ഭൂപടവായന , ഭൂപടനിർമാണം എന്നിവയിൽ കുട്ടികൾ ഇതുവരെ നേടിയ അറിവുകൾ പ്രയോഗിക്കാനുള്ള അവസരം നൽകുക .
- ഭൂപടവായനയുമായി ബന്ധപ്പെട്ട തോത് , ദിശ, ചിഹ്നങ്ങൾ നിറം എന്നിവയുടെ ശരിയായ പ്രയോഗം മനസ്സിലാക്കുന്നതിന് .

## മാസ്റ്റർ പ്ലാൻ 2025

## സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

### മേഖല :അക്കാദമികം -മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പുവരുത്തുക.<br>• എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം(ശ്രദ്ധ, നവപ്രഭ ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • അക്ഷരം ഉച്ചരിക്കൽ<br>• സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ<br>• നാടൻ കഥകൾ കവിതകൾ കേൾപ്പിക്കൽ, അവതരണം<br>• പത്രവായന<br>• വായന മത്സരം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് (ശ്രദ്ധ നവപ്രഭ). | 2 മാസം.<br>1 വർഷം. | മലയാളം അധ്യാപകർ, SRG. | PTA<br>Dept. |
| • എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.<br>• ഭാഷാശേഷി വികസനത്തിനായി ഐസിടി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>• ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>• ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>• വായനയിൽ ഐസിടി സാധ്യതകൾ. ഉപയോഗപ്പെടുത്തൽ<br>• സ്കൂൾ ലൈബ്രറി നവീകരണം.<br>• വായനമുറി -പ്രത്യേക സൗകര്യമൊരുക്കൽ. | 6 മാസം.<br>1 വർഷം.<br>ആവശ്യമനുസരിച്ച് സന്ദർഭം അനുസരിച്ച്<br>2 മാസം - 1 വർഷം. | മലയാളം അധ്യാപകർ, SRG.. | PTA |

| | | | | |
|---|---|---|---|---|
| | • വായനോത്സവം,ജന്മദിന പുസ്തകം, പത്രവായന. | 3 മാസം<br>1 വർഷം. | | |
| • പത്രവായന പരിപോഷിപ്പിക്കുക. | • പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>• ഓരോ ക്ലാസിനും ഓരോ പത്രം.<br>• രാവിലെ പ്രധാന വാർത്തകളുടെ അവതരണം.<br>• പത്ര ക്വിസ്.<br>• വായനാനുഭവം പങ്കുവെക്കൽ. | 3 മാസം<br>ദിവസേന.<br>മാസത്ത | വിദ്യാരംഗം ഇൻ ചാർജ് | PTA |
| • സർഗ്ഗശേഷി വികസനം | • സാഹിത്യക്വിസ്, രചനാ ശില്പശാല (കഥ കവിത..)<br>• കവിതാലാപന മത്സരം.<br>• പുസ്തക ചർച്ച – പുസ്തകാസ്വാദനം.<br>• സാഹിത്യകാരന്മാരുമായി സംവദിക്കൽ.<br>• കാലാനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഉപന്യാസ രചന.<br>• കാർട്ടൂൺ രചന.<br>• ഡിജിറ്റൽ മാഗസിൻ.<br>• പഠനയാത്ര. | ിൽ ഒരു തവണ<br>വർഷത്തിൽ 1 തവണ. | മലയാളം അധ്യാപകർ, SRG,വിദ്യാരംഗം<br>മലയാളം അധ്യാപകർ, SRG | PTA |

ഉർദു

സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

ആഗോളതലത്തി ൽ പ്രശസ്തമായതും ഭാരതീയ സംസ്കാരത്തിൽ നിന്ന് ഉടലെടുത്തതുമായ ഭാഷയാണ് ഉർദു . ഉർദു ഭാഷയെ അറിയാത്തവർ കേരളത്തിൽ ആരുമുണ്ടാകുമെന്ന് തേന്നുന്നില്ല. ഉർദു കേരളീയരുടെ മാതൃഭാഷയല്ലെങ്കിലും പ്രേംചന്ദ് , ഇഖ്ബാൽ തുടങ്ങിയ നിരവധി ലോക പ്രശസ്ത സാഹിത്യകാരൻമാരുടെ ധാരാളം കൃതികൾ ഉർദുവിൽ നിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ടതോടെ മലയാളികൾക്ക് ഈ ഭാഷയുടെ സാഹിത്യ സൗന്ദര്യത്തെയും ചരിത്ര പ്രാധാന്യത്തെയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗസലിന്റെ സൗന്ദര്യവും സ്വീകാര്യതയും ഈ ഭാഷയ്ക്ക് വളർച്ച വേഗത നൽകി.

പ്രവർത്തനമാർഗ്ഗരേഖ

| ക്രമനമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| \|1 | ബേസിക് പാഠം ഉർദു | 8,9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് അക്ഷര കാർഡുകളിലൂടെ അക്ഷരം പഠിപ്പിക്കുന്ന വാക്കുകൾ നിർമ്മിക്കുന്നു | ജൂൺ 1 week | കൺവീനർ | | HM |
| 2 | ഉർദു മിഠി വായന | ലളിതമായ ഉർദു മാസികൾ, കഥകൾ എന്നിവ വായിപ്പിക്കുക | വർഷം മുഴുവൻ | കൺവീനർ | | Hm ,SRG |
| 3 | എഴുത്തുകൂട്ടം രൂപീകരിക്കൽ | ദിനാചരണ പോസ്റ്റർ 1 പ്ലക്കാർഡ്, വായന കാർഡ്, കഥ, കവിത | വർഷം മുഴുവൻ | കൺവീനർ | | HM SRG |
| 4 | ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | എല്ലാ കുട്ടികളും ഓരോ ചോദ്യം വീതം എല്ലാ ദിവസവും ക്ലാസ്സിൽ അവതരിപ്പിക്കുക. മാസവസാനം ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം നൽകുന്നു | വർഷം മുഴുവൻ | കൺവീനർ | ഉർദു ക്ലബ് | Hm |
| 5 | പാഠഭാഗങ്ങൾ സമയാധിഷ്ഠിതമായി നൽകുന്നു | പഠനനേട്ടങ്ങൾ കുട്ടികളിലെത്തിക്കുന്നു | വർഷം മുഴുവൻ | കൺവീനർ | | |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഉർദു ടൈപ്പിങ്ങ് | കുട്ടികൾക്ക് ഉർദു ടൈപ്പിങ്ങ് പരിശീലനം നൽകുന്നു | ടേം 2 | കൺവീനർ | | Hm |
| 7 | ഉർദു ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ സൃഷ്ടികൾ രചനകൾ എന്നിവ ഉൾപ്പെടുത്തി ഡിജിറ്റൽ മാഗസിൻ തയ്യാറക്കുന്നു | അധ്യയന വർഷം | ഉർദു ക്ലബ് | | Hm, SRG |
| 8. | ഉർദു ടാലന്റ് മീറ്റ് | ടാലന്റ് മീറ്റിനായി കുട്ടികളെ ഒരുക്കുന്ന അധിക പരിശീലനങ്ങൾ | ഒക്ടോബർ, നവംബർ | കൺവീനർ | PTA | HM |
| 9 | ഉർദു ദിനം | ഉർദു ദിനാഘോഷം മത്സരങ്ങൾ സംഘടിപ്പിക്കൽ, ഉർദു സെമിനാർ | നവംബർ | കൺവീനർ | | HM |
| 10 | ഉർദു സാഹിത്യ ക്യാമ്പ് | രചനപരമായ കഴിവുള്ള കുട്ടികളെ കണ്ടെത്താൻ മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ടേം 2 | കൺവീനർ | | HM SRG |
| 11 | അഭിമുഖം | ഉർദു എഴുത്ത് പ്രേമികളുമായി അഭിമുഖം നടത്താനായി സന്ദർഭം ഒരുക്കുന്നു | ടേം 2 | ഉർദു ക്ലബ് | | HM |

മാസ്റ്റർ പ്ലാൻ 2025

സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

## Subject :Art (വിഭാഗങ്ങൾ മ്യൂസിക്, ചിത്രരചന, നൃത്തം, നാടകം, സിനിമ )

## മേഖല :സംഗീതം

- മുകളിൽ പറഞ്ഞ 5 വിഭാഗങ്ങളിൽ സർഗ്ഗാത്മക ശേഷിയുള്ള കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ആർട്സ് ക്ലബ് രൂപീകരണം
- ഓരോ മാസത്തിലും പിന്നണി സംഗീതത്തോട് കൂടിയുള്ള കരോക്കേ ഗാനമേള സംഘടിപ്പിക്കുന്നു
- നാടൻ വാദ്യ ഉപകരണങ്ങളുടെ സഹായത്തോട് കൂടെയുള്ള നാടൻപാട്ട് അവതരണം.
- ക്ലാസ്സ് തലത്തിൽ സർഗ്ഗവേളകൾ സംഘടിപ്പിക്കുന്നു.

- മാപ്പിളപ്പാട്ട്, ഗസൽ ഈ സംഗീത രൂപങ്ങൾ കൂടുതൽ അറിയുന്നതിന് വേണ്ടി ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- ഹിന്ദുസ്ഥാനി സംഗീത ഉപകരണങ്ങൾ, കർണാടക സംഗീത ഉപകരണങ്ങൾ, നാടൻ വാദ്യ ഉപകരണങ്ങൾ, പ്രാദേശിക സംഗീത ഉപകരണങ്ങൾ ഇവയുടെ പ്രദേശനങ്ങൾ നടത്തുന്നു.
- മഹാരഥന്മാരായ സംഗീതജ്ഞമാരുടെ ജീവിതം അടങ്ങിയ സിനിമപ്രദർശനം (ഉദാഹരണം :സ്വാതി തിരുന്നാൾ )

## മേഖല :ചിത്രരചന

- സ്കൂൾ തലത്തിൽ ചിത്രരചനയിൽ മികച്ച കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ചിത്രക്കൂട്ടം എന്ന ടീം സംഘടിപ്പിക്കുന്നു.
- ചിത്രരചനയുടെ ബേസിക് വശങ്ങൾ അറിയുന്നതിന് വേണ്ടി ശില്പസാലകൾ സംഘടിപ്പിക്കുന്നു.

- എല്ലാ ദിനാചാരങ്ങളിലും പെയിന്റിംഗ്, ഓയിൽ പെയിന്റിംഗ്, ചിത്രരചന പെൻസിൽ, കാരികേചർ കാർട്ടൂൺ മത്സരങ്ങൾ നടത്തുന്നു.
- പ്രശസ്ത ചിത്രകാരന്മാർ (ഡാവിഞ്ചി, വിൻസെന്റ് വാങ്കോഗ്, രാജ രവിവർമ )ഇവരുടെ ചിത്രപ്രദർശനങ്ങൾ നടത്തുന്നു.
- വിദ്യാർത്ഥികളുടെ ചിത്രങ്ങൾ അടങ്ങിയ art ഗാലറി നിർമ്മാണം.

## മേഖല :നൃത്തം

- ശാസ്ത്രീയ നൃത്തങ്ങൾ, നാടോടി നൃത്തങ്ങൾ ഇവയുടെ ബേസിക് അറിയുന്നതിന് വേണ്ടി ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- കഥകളി, കൂടിയാട്ടം, ഓട്ടൻതുള്ളൽ, നങ്ങ്യർകൂത്തു, ചാക്യർകൂത്തു, ഈ കലാരൂപങ്ങളുടെ പ്രദർശനം.
- പഠഭാഗങ്ങളിലെ കവിതകൾക്ക് നൃത്താവിഷ്കാരം.

## മേഖല :സിനിമ, നാടകം

- പാഠപുസ്തകത്തിലെ കഥകൾ നടകരൂപത്തിൽ ആക്കുന്നു.

- അഭിനയ സാധ്യതങ്ങൾ അറിയുന്നതിന് വേണ്ടി നാടകക്യാമ്പുകൾ.
- ഏകാങ്ക നാടകങ്ങൾ, ബാലെ എന്നിവ പ്രദർശിപ്പിക്കുന്നു.
- പ്രശസ്ത നാടകാചര്യൻമാർ (വയലാവാസുദേവൻപിള്ള, കാവാലം നാരായണപണിക്കർ )ഇവരുടെ നാടകപ്രദർശനം.
- കഥകൾ കൊടുത്തു കൊണ്ടുള്ള തിരക്കഥ നിർമ്മാണം.
- സ്കൂൾ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഷോർട് ഫിലിം നിർമ്മാണം
- ഫിലിം ക്ലബ് രൂപീകരണം.
- സിനിമ നിർമ്മാണത്തിന് ആവശ്യമായ ഇൻഡോർ ഔട്ട് ഡോർ ലൊക്കേഷൻ കണ്ടുപിടിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## Work Integrated Education

സെന്റ്ജോൺസ് വി.എച്ച്.എസ്.എസ് ഉമ്മന്നൂർ

വൈകാരികവും വൈഞ്ജാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നത് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭാസം അനിവാര്യമാണ് .

ഓരോ പ്രവർത്തി പഠന ക്ലസ്സിന്റെയും അടിത്തറ മാനവശേഷി വികാസമാണ് എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവുകളും രാഷ്ട്രനിർമ്മാണതിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷി വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്തകളക്കി പുതിയ തലമുറകളെ വാർത്തെടുക്കുന്നതും പ്രവർത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ് .

### പൊതുലക്ഷ്യങ്ങൾ

- തൊഴിൽ സന്നദ്ധത
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- സന്തുലിത വ്യക്തിത്വവികസനം
- കലാപരമായ കഴിവുകൾ നേടുക
- വരക്കാനും അളക്കാനും മുറിക്കാനും മൊക്കെയുള്ള അറിവുകൾ നേടുന്നു
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു .

| ലക്ഷ്യങ്ങൾ | |
|---|---|
| കൃഷിയെകുറിച്ച് കൂടുതൽ അറിയുന്നു | ചെടിനടുന്നു വെള്ളവും വളവും നൽകി പരിചരിക്കുന്നു |
| പ്ലംമിങ് നെ അടുത്തറിയുന്നു | വെള്ളമൊഴുകുന്ന വഴി വിവിധ ഉപകരണങ്ങളുടെ സഹായത്താൽ അറിയുന്നു |

| | |
|---|---|
| പാർപ്പിട പ്ലാനുകൾ കണ്ടറിയാൻ സാധിക്കുന്നു | Plan Lay out വരച്ചു പഠിക്കുന്നു അതിനാവശ്യവസ്തുക്കൾ അറിയുന്നു . |
| വസ്ത്രങ്ങളെ അറിയാം | Fabric Painting അലങ്കാരത്തുന്നലുകൾ എന്നിവ ചെയ്തു പഠിക്കുന്നു |
| ഇലക്ട്രിക്കൽ സാധനങ്ങൾ അറയുന്നു | ഇലക്ട്രിക്കൽ ഉപകരണങ്ങൾ പരിചയപ്പെടുന്നു |
| കരകൗശല വസ്തുകൾ നിർമ്മണം | വേസ്റ്റ് മെറ്റീരിയൽ നിന്നും പ്രകൃതി ദത്ത വസ്തുകളും ഉപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം |
| എഴുത്തനവശ്യമായ പുസ്തക നിർമ്മാണം | A4 പേപ്പർ ഉപയോഗിച്ച് പുസ്തക നിർമ്മാണം ചെയ്തു പഠിപ്പിക്കുന്നു |
| അലങ്കാരവസ്തുക്കൾ നർമ്മിക്കാൻ പഠിപ്പിക്കുന്നു | വാൾ ഹങ്ങിഗ് പൂക്കൾ ഇവ നിർമ്മിക്കുന്നു |

# കമ്പ്യൂട്ടർ സയൻസ്

കമ്പ്യൂട്ടർ സയൻസ് വിഷയം മറ്റുവിഷയങ്ങളെ അപേക്ഷിച്ച് വളരെ പുതിയതും ചടുലകമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. എല്ലാ കാര്യങ്ങൾക്കും കമ്പ്യൂട്ടറിനെ ആശ്രയിക്കുന്ന ഒരു കാലത്തേക്കാണ് നാം പോയിക്കൊണ്ടിരിക്കുന്നത്.

ഹയർസെക്കന്ററിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർ അധിഷ്ടിത പഠന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയും ആണ്.

പാഠ്യ വിഷയം എന്ന നിലയിൽ കമ്പ്യൂട്ടർ സയൻസ് എന്ന വിഷയും കുട്ടികളും ഒപ്പം അധ്യാപകരും നേരിടുന്ന വെല്ലുവിളി അതിന്റെ പെട്ടെന്നും ധാരാളമായും ഉാവുന്ന മാറ്റങ്ങൾ ആണ്. ഇത്ൽ നാം പഠിച്ചുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും കുറഞ്ഞസമയം കൊ് പഴയതായി മാറുന്നു. ഈ വിഷയം ഇപ്പോഴും പുതിയ വേഗങ്ങളും മാനവും നേടി കുതിച്ചുകൊണ്ടിരിക്കുകയാണ്.

ഈയൊരു സാഹചര്യത്തിൽ പാഠ്യദ്ധതികൾ നിരന്തരമായി പുതുക്കേത് അത്യാവശ്യമാണ്. അതിനേക്കാൾ ഉപരി അധ്യാപകർക്ക് നിരന്തരമായ റിഫ്രഷർ ക്ലാസ്സുകളും ഇൻഡസ്ടിയിൽ സംഭവിക്കുന്നത് അറിയാനുള്ള സാഹചര്യവും ഒരുക്കേത് അത്യാവശ്യമാണ്. ഒരു പക്ഷേ ഹയർസെക്കന്ററി തലത്തിൽ പഠിക്കുന്ന / പഠിപ്പിക്കുന്ന മറ്റുവിഷയങ്ങളിൽ ഒന്നിനുപോലും ഇത്തരമൊരു സാഹചര്യത്തെ നേരിടേി വരുന്നുാവില്ല. ഏതാനും ചില പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ഇവിടെ കുറിച്ചിരിക്കുന്നു.

**പ്രശ്നങ്ങൾ (അക്കാദമികം)**

1) ഇൻഡസ്ട്രിയിലും പുറം ലോകത്തും നടക്കുന്ന കാര്യങ്ങൾ അറിയാതിരിക്കൽ/ വൈകി അറിയൽ
2) അറിയാവുന്ന പല കാര്യങ്ങളും പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്താൻ കഴിയാതിരിക്കൽ
3) കമ്പ്യൂട്ടർ പ്രോഗ്രാമിന് ലോജിക് മനസ്സിലാക്കാൻ കഴിയാതിരിക്കൽ, അത്തരം ലെവലിൽ ചിന്തിക്കാൻ കഴിയുന്നില്ല.
4) ഇംഗ്ലീഷ് പരിജ്ഞാനക്കുറവ്
5) അടിസ്ഥാന ഗണിതത്തിലെ നിലവാരക്കുറവ്
6) സ്വന്തമായി കാര്യങ്ങൾ ചെയ്തു പരീക്ഷിക്കാനുള്ള ധൈര്യക്കുറവ്

**പ്രശ്നങ്ങൾ (ഭൗതികം)**

1) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ അപര്യാപ്തത
2) അശാസ്ത്രീയ അധ്യാപക വിദ്യാർത്ഥി അനുപാദം
3) സിലബസിന്റെ വ്യാപ്തി
4) പല നിലവാരത്തിലുള്ള കുട്ടികൾ. (പല സമയത്തെ അഡ്മിഷൻ പ്രശ്നങ്ങൾ ഉാക്കുന്നു.)

## പരിഹാര നിർദ്ദേശങ്ങൾ

1) ഈ വിഷയത്തിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ വേ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുക. (മാഗസിനുകൾ, നോട്ടീസ് ബോർഡ്, ക്ലബ്ബ് പ്രവർത്തനങ്ങൾ.)

2) പാഠപുസ്തകത്തിലെ കാര്യങ്ങൾ പെട്ടെന്ന് പഴയതാകുന്നു. അതിനാൽ എല്ലാ വർഷവും (൧ വർഷത്തിൽ ഒരിക്കലെങ്കിലും) പരിഷ്കരണം നടത്തുക.

3) ഇൻഡസ്ട്രിയിലെ വിദഗ്ധന്മാരായുള്ള ആളുകളുടെ ക്ലാസ്സുകൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നല്ല രീതിയിൽ നൽകുക.

4) കമ്പ്യൂട്ടർ പഠന വിഷയങ്ങൾ പ്രാവർത്തികമാക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

ഉദാ : 1. സ്കൂളിന്റെ വെബ്സൈറ്റ് നിർമ്മാണം, ഓരോ ബാച്ചിനും ഒന്ന്/ അതിൽ അവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ അപ്ഡേറ്റ് ചെയ്യാനുള്ള സൗകര്യം.

2. പ്രദർശനം, പ്രവൃത്തിപരിചയം

3. എ. ടി. എം മാതൃകയിൽ കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിച്ച് കാര്യങ്ങൾ അറിയാനുള്ള സൗകര്യം.

(മാർക്കുകൾ, ന്യൂസ്, ടൈം ടേബിൾ, നോട്ടീസ്, സ്കൂളിലെ പ്രധാന സംഭവങ്ങൾ എല്ലാം കുട്ടികൾ തന്നെ ചെയ്യണം)

# സയൻസ് ക്ലബ്ബ്

പ്രവർത്തനം :

പേര് : ഫ്രൂട്ട് ആൻഡ് ഫുഡ് പ്രിസർവേഷൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭക്ഷണപദാർത്ഥങ്ങൾ, പാനീയങ്ങൾ എന്നിവ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുക. | ഭക്ഷ്യ വിഭവങ്ങൾ വിവിധസീസണിൽ ലഭിക്കുന്നവ കേടുകൂടാതെ, കൃത്രിമ ചേരുവകൾ ചേർക്കാതെ രുചികരമായി തയ്യാറാക്കുക. (സ്ക്വാഷ്, ജാം, അച്ചാർ) പാചകക്കുറിപ്പ് തയ്യാറാക്കൽ വിഭവങ്ങൾ തയ്യാറാക്കൽ, ഫില്ലിംഗ് പാക്കിംഗ് എന്നിവ പരിചയപ്പെടൽ | വിവിധസീസണുകൾ | WE ടീച്ചർ HM/ PTA | PTA |

പ്രവർത്തനം :

പേര് : വിവിധ കൃഷി രീതികൾ പരിചയപ്പെടൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഔഷധ തോട്ട നിർമ്മാണം<br>* ആധുനിക കൃഷി സമ്പ്രദായം പരിചയപ്പെടൽ. | * വിദഗ്ദരുമായി ആശയവിനിമയം നടത്തി പുതിയ കൃഷിയെ പരിചയപ്പെടുന്നു.<br>* ജൈവ കീടനാശിനി ഉണ്ടാക്കുന്നു<br>* നിലം ഒരുക്കൽ, വിത്ത് ശേഖരണം നാടൻ തോട്ടം പരിപാലനം. | ജൂൺ 15 മാർച്ച് | പരിസ്ഥിതി ക്ലബ്ബ് | കൃഷി വകുപ്പ് |

പ്രവർത്തനം :

പേര് : ശുചീകരണ വസ്തു നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സോപ്പ്, അഗർബത്തി, ഡിറ്റർജന്റ്, പൗഡർ. | * ശുചീകരണ വസ്തുക്കൾ സ്വന്തമായി നിർമ്മിക്കുക. അവയുടെ വിപണനം<br>* അസംസ്കൃത വസ്തുക്കളുടെ പരിചയപ്പെടൽ | ജൂൺ മാർച്ച് | WE ക്ലബ്ബ് | |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

1) ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചികൾക്കനുസരിച്ച് പഠിക്കുവാനും ആഹ്ലാദിക്കുവാനും കഴിയും.

2) വിദ്യാർത്ഥികൾക്ക് പരസ്പര സ്നേഹവും സഹവർതിത്ത്വവും വളരുന്നു.

3) കുട്ടികൾക്ക് സാമൂഹ്യ ബോധവും സഹാനുഭൂതിയും പകർന്ന് നൽകുക.

4) വിജയശതമാനത്തിനപ്പുറം ഓരോ വിദ്യാർത്ഥിക്കും അവനവന്റെ കഴിവുകൾക്കനുസരിച്ച് വളരാനുള്ള അവസരം.

5) കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് തങ്ങളനുഭവിക്കുന്ന മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം.

6) വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന കൂട്ടായ പ്രവർത്തനം.

7) വിദ്യാർത്ഥികൾ അതത് വിഷയങ്ങൾ അറിഞ്ഞും ആഹ്ലാദിച്ചും പഠിക്കുന്നു.

8) തങ്ങൾതക്ക് താൽപര്യമുള്ള വഴികൾ കണ്ടെത്താനും ആ വഴി മുന്നേറാനും സഹായം.

9) പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഒരുപോലെ മികവ് പുലർത്തുക.

10) മത്സരാതീതമായി കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുക.

## മോണിറ്ററിംഗ്

1. പൊതിവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ മുൻഗണനാ ക്രമത്തിൽ നടപ്പാക്കും.

2. അക്കാദമിക് മാസ്റ്റർ പ്ലാൻ സംബന്ധിച്ച് അഞ്ചംഗ അധ്യാപക സമിതി രൂപീകരിക്കുകയും മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യും.

3. എല്ലാ പി. ടി. എ ടോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും.

4. ഓരോ വിഷയമായും ബന്ധപ്പെട്ട പദ്ധതികൾ വിദ്യാർത്ഥികളുമായി പങ്കുവെക്കുകയും അതനുസരിച്ച് നടപ്പിലാക്കുകയും ചെയ്യും.

## ഉപസംഹാരം

ഉമ്മന്നൂർ സെന്റ്ജോൺസ് സ്കൂൾ തയ്യാറാക്കിയ ഈ പദ്ധതി ഏറെക്കാലത്തെ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം നിർമ്മിച്ചതാണ്. വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി സാധ്യമാകുമെന്ന പ്രതീക്ഷയോടെ, ഇത് ഞങ്ങൾ മേൽ നടപടിക്കായി സമർപ്പിക്കുന്നു.